"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എരിമയൂർ ഗ്രാമപഞ്ചായത്ത് - ' ചുള്ളിമട-മാരക്കാവ് -മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണം എന്ന പ്രവൃത്തി - ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.1135/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/06/2021

പരാമർശം:- 1 2019-2020 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1664 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 25.01.2020 ലെ എ ബി 1/ഡിബി5/17954/19/സി.ഇ/തസ്വഭവ. നമ്പർ കത്ത്

ഉത്തരവ്

എരിമയൂർ ഗ്രാമപഞ്ചായത്തിലെ ചുള്ളിമട-മാരക്കാവ് -മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണം എന്ന പ്രവൃത്തി 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1664 ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർ ശം (2 ) കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ 750 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1664 ആയി ഉൾപ്പെട്ട എരിമയൂർ ഗ്രാമപഞ്ചായത്തിലെ ചുള്ളിമട-മാരക്കാവ് -മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ബജറ്റിൽ അംഗീകരിച്ച എസ്റ്റിമേറ്റായ 350.00 ലക്ഷം രൂപക്കുപരിയായി ആവശ്യമുള്ള 400.00 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന നിബന്ധനക്കു വിധേയമായി 750.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത പ്രവൃത്തിയ്ക്കുള്ള സംസ്ഥാന വിഹിതമായ 350.00 ലക്ഷം രൂപ "4515-00-800-92(NP-V) " എന്ന ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിനും അനുമതി നൽകുന്നു.

3)മേൽ ശീർഷകത്തിൽ യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ തുകയനുവദിക്കുന്നതിനായി വർക്കിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ സഹിതം ആവശ്യമായ അധികധനാനുമതി/ ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എസ്.ശ്രീകല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട് )

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, എരിമയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് .

ഫിനാൻസ് വകുപ്പ്(1520068/ഡെവ .3/60/20/ധന.തീയതി 31.12.2020)

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ )വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 16-06-2021 15:28:20
Reason: Approved

സെക്ഷൻ ഓഫീസർ